നമ്പർ പി 2-2732/2016

ജയിൽ ആസ്ഥാന കാര്യാലയം
തിരുവനന്തപുരം
തീയതി : 15-02-2016

## സർക്കുലർ നമ്പർ 11/2016

സംസ്ഥാനത്തെ 8 പ്രധാനപ്പെട്ട ജയിലുകളിൽ ജയിൽ കാറ്ററിംഗ് യൂണിറ്റ് വിജയകരമായി പ്രവർത്തിച്ചുവരുന്നുണ്ട്. ജയിലുളിൽ ഉല്പാദിപ്പിച്ച് വില്പന നടത്തുന്ന വിവിധ ഭക്ഷണ പദാർത്ഥങ്ങ ൾക്ക് പൊതുജനങ്ങൾക്കിടയിൽ വൻപിച്ച സ്വീകാര്യതയാണുള്ളത്. സർക്കാർ ഖജനാവിലേയ്ക്ക് ഗണ്യ മായ വരുമാനം ലഭിക്കുന്നതിനും ജയിൽ കാറ്ററിംഗ് യുണിറ്റുകളിൽ നിന്നുള്ള വില്പനയിൽ നിന്നും സാധിക്കുന്നുണ്ട്. മേൽ സാഹചര്യത്തിൽ സാധ്യമായ എല്ലാ ജയിലുകളിലും ഇത്തരത്തിൽ കാറ്ററിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിക്കുന്നതിന് ആലോചിക്കുന്നു. ആയതിനാൽ ഏതെല്ലാം ജയിലു ക ളിൽ ഇത്തരം യൂണിറ്റുകൾ സ്ഥാപിച്ച് ഭക്ഷണ സാധനങ്ങളുടെ വിപണനം വിജയകരമായി നടത്താൻ കഴിയുമെന്ന് ജയിൽ സൂപ്രണ്ടുമാർ അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇതിനായി എന്തെല്ലാം പശ്ചാത്തല സൗകര്യമാണ് ജയിലുകളിൽ ഒരുക്കേണ്ടിവരുമെന്ന് വിശദമായി റിപ്പോർട്ടിൽ പരാമർശിക്കേണ്ടതാണ്. റിപ്പോർട്ടിന്റെ പകർപ്പ് മേഖലാ ഡി.ഐ.ജിമാർക്ക് നൽകേണ്ടതും ഇക്കാര്യ ത്തിൽ അവരുടെ അഭിപ്രായം സൂപ്രണ്ടുമാർ കണക്കിലെടുക്കേണ്ടതുമാണ്. റിപ്പോർട്ട് 23-02-2016 ന് മുമ്പായി നിർബന്ധമായും അയക്കേണ്ടതാണ്.

നിലവിൽ കാറ്ററിംഗ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്ന ജയിലുകളിൽ പൊതുജനങ്ങളിൽ നിന്നുള്ള ഡിമാന്റ് അനുസരിച്ച് കുറഞ്ഞത് 25% എങ്കിലും ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കഴിയുമോ എന്നും അപ്രകാരം ചെയ്യുന്നതിന് അധികമായി സൗകര്യങ്ങളും മനുഷ്യശേഷിയും ആവശ്യമുണ്ടെ ങ്കിൽ അതുസംബന്ധിച്ച് വിശദമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

മേഖലാ ഡി.ഐ.ജി മാർ ഇക്കാര്യത്തിൽ വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കേണ്ടതും മേൽപ്പറഞ്ഞ കാര്യങ്ങളിൽ ഓരോ മേഖലയിലുള്ള ജയിലുകളെ സംബന്ധിച്ച് വ്യക്തമായ സാധ്യതാ വിവര റിപ്പോർട്ട് നൽകേണ്ടതുമാണ്.

ഡയറക്ടർ ജനറൽ ഓഫ് പോലീസ് &
കറക്ഷണൽ സർവീസ്

മേഖലാ ഡി.ഐ.ജിമാർക്കും ജയിൽ സപ്രണ്ടുമാർക്കും

പകർപ്പ് ;-

1) ഐ.ജി ഓഫ് പ്രിസൺസ്
2) പ്രോഗ്രാം ഓഫീസർ, സൂപ്രണ്ട് പി. സെക്ഷൻ
3) ഒ.സി & എസ്.എഫ്